(ബി) പരാതിക്കാരായ വനിതകൾക്ക് നിയമസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസ് പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) പോലീസ് സേനയിൽ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 150 കേന്ദ്രങ്ങളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വനിതകളിൽനിന്ന് ലഭിക്കുന്ന പരാതികളിൽ കൗൺസിലിംഗ് വേണ്ടവയ്ക്ക് കൗൺസിലർമാരുടെ സേവനം വിട്ടുതരുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി & ഡി) നിലവിലുള്ള മാനദണ്ഡ പ്രകാരം പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യയിൽ (1-എസ്.ഐ., 1-എ.എസ്.ഐ., 5-എച്ച്.സി., 25-പി.സി.) കുറഞ്ഞത് 4 വനിതാ പോലീസ് കോൺസ്റ്റബിൾമാരെകൂടി നിയോഗിക്കുന്നുണ്ട്. പോലീസ് സേനയിലെ ആകെ അംഗസംഖ്യയിൽ 10% വനിതകൾ ഉണ്ടാകണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 1575 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് അക്രമണങ്ങളും തട്ടിപ്പുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമാണെന്ന റിപ്പോർട്ടുകൾ

39 (1508) ശ്രീ. സി. ടി അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്രമങ്ങളും തട്ടിപ്പുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമാണെന്ന റിപ്പോർട്ടുകൾ ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മണൽ മാഫിയ, ഭൂമാഫിയ, വ്യവസായ മാഫിയ എന്നിവ ഗുണ്ടാ പ്രവർത്തനത്തിലൂടെ ജനങ്ങളുടേയും ഉന്നത പോലീസുദ്യോഗസ്ഥരുടേയും മറ്റു ബന്ധപ്പെട്ട സിവിൽ ഉദ്യോഗസ്ഥരുടെയും ജീവന് ഭീഷണി ഉയർത്തുന്നുണ്ടെന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(സി) "ടോട്ടൽ തട്ടിപ്പ്", ഭൂമി തട്ടിപ്പ്, ആഭരണം തട്ടിപ്പറിക്കൽ, കൊള്ള എന്നിവപോലുള്ള കുറ്റകൃത്യങ്ങൾ നിർബാധം തുടരുന്നകാര്യവും ഒരിക്കൽ പിടിക്കപ്പെട്ടവർ ജാമ്യത്തിലിറങ്ങി വീണ്ടും അതേ കുറ്റകൃത്യങ്ങൾ തുടരുകയും ചെയ്യുന്നകാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമനത്തട്ടിപ്പ്, വ്യാജരേഖ നിർമ്മാണം, വ്യാജ കറൻസി ഇടപാടുകൾ, വ്യാജ സർട്ടിഫിക്കറ്റ് നിർമ്മാണം എന്നിവ വ്യാപകമായതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഇ) വിവിധ കോടതികൾ പുറപ്പെടുവിച്ച ആയിരക്കണക്കിന് വാറണ്ടുകൾ, പ്രതികൾ കൺമുമ്പിലുണ്ടെങ്കിൽപ്പോലും നടപ്പാക്കാനാവാത്ത സ്ഥിതിയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ ഗുരുതര പ്രശ്നത്തിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(എഫ്) എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർപോലും തട്ടിപ്പുകൾക്ക് ഇരയാവുന്നുണ്ടെന്നും ഉന്നത ഉദ്യോഗസ്ഥർ കുറ്റവാളികൾക്ക് ഒത്താശ ചെയ്യുന്ന അവസ്ഥ നിലവിലുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അക്രമങ്ങളും തട്ടിപ്പുകളും നിയമവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമായി നടക്കുന്നില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. മണൽ മാഫിയ, ഭൂമാഫിയ, വ്യവസായ മാഫിയ എന്നിവയുടെ മറവിലുള്ള ഗുണ്ടാ പ്രവർത്തനങ്ങളെ നേരിടുന്നതിലേക്കായി കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് (കാപാ) പ്രകാരം നടപടികളെടുത്തുവരുന്നു. ഇതുമായി ബന്ധപ്പെട്ട് എല്ലാ പോലീസ് കമ്മീഷണർമാരും ജില്ലാ പോലീസ് സൂപ്രണ്ടുമാരും ആഴ്ചതോറും അവലോകന യോഗങ്ങൾ നടത്തുകയും ആയതിന്റെ വിശദാംശങ്ങൾ ഉന്നത പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുന്നുണ്ട്.

(ബി) മണൽ കടത്തുകാർ പോലീസുകാരനെ പരിക്കേൽപ്പിച്ചതുമായി ബന്ധപ്പെട്ട് കുന്ദമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 47/2010 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 4-2-2011 തീയതി 4.05 എ. എം.-ന് അനധികൃതമായി മണൽ വാരികൊണ്ടുപോകുന്നത് തടയുന്നതിന് ശ്രമിച്ച ആലുവ എ.എസ്.പി.-യെ അപായപ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തോടെ കെ.എൽ.-7 കെ. 6064 നമ്പർ ലോറി ഡ്രൈവർ ടി ലോറിയിൽ കയറ്റിയിരുന്ന മണൽ എ.എസ്.പി. സഞ്ചരിച്ചിരുന്ന പോലീസ് ജീപ്പിന് മുകളിലേക്ക് ഹൈഡ്രോളിക് ജാക്കി ഉപയോഗിച്ച് അൺലോഡ് ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ലോറി ഡ്രൈവർക്കെതിരെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 110/2011 u/s.308 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം കുറ്റകൃത്യങ്ങൾ വ്യാപകമല്ല. ശിക്ഷിക്കപ്പെട്ടവർ ജാമ്യത്തിലിറങ്ങി ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന അപൂർവ്വം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ വ്യാപകമല്ല. ഇത്തരം സംഭവങ്ങൾക്കെതിരെ നിലവിലുള്ള നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാറണ്ടുള്ള പ്രതികളെ പിടികൂടി കോടതിയിൽ ഹാജരാക്കുവാൻ കർശന നിർദ്ദേശം നൽകി ആയത് നടപ്പിലാക്കിവരുന്നു.

(എഫ്) ഉദ്യോഗസ്ഥർ തട്ടിപ്പിനിരയായതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥർ തട്ടിപ്പുകാർക്ക് ഒത്താശ ചെയ്ത് കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യങ്ങളിൽ രഹസ്യാന്വേഷണ വിഭാഗവും അഴിമതി നിരോധന വകുപ്പും ജാഗ്രത പുലർത്തിവരുന്നുണ്ട്.

കുബേർകുഞ്ചി എന്ന പേരിൽ ദൃശ്യമാദ്ധ്യമങ്ങളിൽ പരസ്യം നൽകി നടത്തിയ തട്ടിപ്പ്

40 (1509) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുബേർകുഞ്ചി എന്ന പേരിൽ ദൃശ്യമാദ്ധ്യമങ്ങളിൽ പരസ്യം നൽകി നടത്തിയ തട്ടിപ്പിനെതിരെ എറണാകുളം സിറ്റി പോലീസ് കേസെടുത്തിരുന്നോ ;

(ബി) എത്ര കോടി രൂപയുടെ തട്ടിപ്പാണ് ഇവർ നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ ദൃശ്യമാദ്ധ്യമങ്ങളിൽ വരുന്ന മറ്റ് തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിലുള്ള തട്ടിപ്പുകൾക്കെതിരെ 1954-ലെ ഡ്രഗ്സ് ആന്റ് മാജിക്കൽ റമഡീസ് ആക്റ്റ് അനുസരിച്ച് കേസ്സെടുക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള പരസ്യങ്ങൾക്കും സ്ഥാപനങ്ങൾക്കുമെതിരെ പ്രസ്തുത നിയമമനുസരിച്ച് കേസ് എടുക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly